15

# നവകേരളം വാർത്ത

2023 ജൂലൈ 1-15 ന്യൂസ്‌ലെറ്റർ

ഓൺലൈൻ വായനയ്ക്ക്

## ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ചെറു ധാന്യകൃഷി വിളവെടുപ്പ്; മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു



ആരോഗ്യകരമായ ജീവിതത്തിന് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ അനിവാര്യമാണെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്. ആലപ്പുഴ ജില്ലയിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ചെറുധാന്യ കൃഷി വിളവെടുപ്പ് മഹോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്, സി.പി.സി. ആർ.ഐ. ഫാർമർ ഫസ്റ്റ് പദ്ധതി, ഹരിതകേരളം മിഷൻ, കൃഷിവകുപ്പ് എന്നിവരുടെ സഹായത്തോടെ തൊഴിലുറപ്പ് തൊഴിലാളികളും കുടുംബശ്രീയും ചേർന്നാണ് ചെറു ധാന്യ കൃഷി നടത്തിയത്. 2023 അന്താരാഷ്ട്ര മില്ലറ്റ് വർഷത്തിൽ നടത്തിയ ചെറുധാന്യ കൃഷികളായ ചാമ, പനി വരഗ്, മണിച്ചോളം എന്നിവയാണ് വിളവെടുക്കുന്നത്. ചടങ്ങിൽ യു. പ്രതിഭ എം.എൽ.എ. അധ്യക്ഷത വഹിച്ചു. എ.എം. ആരിഫ് എം.പി. മില്ലറ്റ് പ്രദർശനത്തിന്റെ ഉദ്ഘാടനവും നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഭക്ഷ്യമേള ഉദ്ഘാടനവും നിർവഹിച്ചു. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി. അംബുജാക്ഷി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്.പവനനാഥൻ, വൈസ് പ്രസിഡന്റ് നീതുഷ രാജ്, തദ്ദേശ സ്ഥാപനതല ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## കേരള മോഡലിന്റെ വിജയത്തിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിന് നിർണായക പങ്ക് : മന്ത്രി വി ശിവൻകുട്ടി



കേരള മോഡലിന്റെ വിജയത്തിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനം നിർണായക പങ്ക് വഹിച്ചതായി പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കണ്ണൂർ ജില്ലയിലെ രയരോം ഗവ. ഹൈസ്കൂളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി മുതൽമുടക്കിൽ നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാലയങ്ങളിൽ ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ കേരളം വലിയ നിക്ഷേപം നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഏഴു വർഷക്കാലത്തെ ചരിത്രം മാത്രം പരിശോധിച്ചാൽ 3800 കോടി രൂപയാണ് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരളം ചിലവഴിച്ചത്. ചടങ്ങിൽ അഡ്വ. സജീവ് ജോസഫ് എം.എൽ.എ. അധ്യക്ഷനായി.

# ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പൊതുജനാരോഗ്യത്തിന് ഉണർവ് പകരും : മന്ത്രി അഹമ്മദ് ദേവർകോവിൽ



കേരളത്തിലെ പൊതുജന ആരോഗ്യത്തിന് ഉണർവ് പകരുന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളെന്നും സമഗ്രമായ പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെത്തട്ടിൽ വരെ എത്തിക്കുകയെന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യമെന്നും തുറമുഖ - മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. തൃശൂർ ജില്ലയിലെ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ആയിരംകണ്ണി ജനകീയാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കുന്നത്. ആഴ്ചയിൽ ആറു ദിവസവും ഒമ്പത് മണി മുതൽ വൈകിട്ട് നാല് മണി വരെ സേവനം ലഭിക്കും എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേകത. എൻ.കെ. അക്ബർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം ചെലവഴിച്ചാണ് കുടുംബാരോഗ്യ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. മൂന്ന് ചികിത്സാ മുറികൾ, വിശ്രമസ്ഥലം, രണ്ട് ബാത്റൂമുകൾ ഉൾപ്പെടെ 840 സ്ക്വയർഫീറ്റ് വിസ്തീർണ്ണത്തിലാണ് ആരോഗ്യ കേന്ദ്രം സജ്ജമാക്കിയിരിക്കുന്നത്. പകർച്ചവ്യാധികൾ, ജീവിത ശൈലി രോഗങ്ങൾ എന്നിവയുടെ പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്രത്തിലൂടെ സാധ്യമാകും.

---

# ആർ.ആർ.എഫ്. ഉദ്ഘാടനവും ഹരിത കർമസേനയ്ക്ക് ആദരവും ഉദ്ഘാടനം മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിച്ചു

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി



ബ്ലോക്ക് പഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ ഹരിത കർമസേന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, വരവൂർ ഗ്രാമപഞ്ചായത്തിൽ നടുവട്ടം പ്രദേശത്ത് 22,78,307 രൂപ ചെലവഴിച്ചു നിർമാണം പൂർത്തിയാക്കിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) യുടെ ഉദ്ഘാടനം വരവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. സുനിതയുടെ അദ്ധ്യക്ഷതയിൽ മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.വി. നഫീസ മുഖ്യാതിഥിയായി പങ്കെടുത്തു. വടക്കാഞ്ചേരി ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലെയും ഹരിത കർമസേനാംഗങ്ങളെ ആദരിച്ചു.

# കേരളം നടപ്പിലാക്കിയത് ഡിജിറ്റൽ വിടവില്ലാത്ത ആധുനികവത്ക്കരണം - മന്ത്രി വി ശിവൻകുട്ടി

## കോഴിക്കോട് ജില്ലയിലെ രാമല്ലൂർ ഗവ. എൽ.പി. സ്കൂൾ കെട്ടിടം നാടിന് സമർപ്പിച്ചു

ഡിജിറ്റൽ വിടവില്ലാത്ത ആധുനികവത്ക്കരണമാണ് കേരളം നടപ്പിലാക്കിയതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സെക്കൻഡറി വിഭാഗത്തിലെ എല്ലാ ക്ലാസ്സുകളിലും സാങ്കേതികവിദ്യാ ഉപകരണങ്ങളും പ്രൈമറി സ്കൂളുകളിൽ ലാബും സ്ഥാപിച്ചു. അതുവഴി കുട്ടികൾക്കെല്ലാം ഒരുപോലെ ഡിജിറ്റൽ സങ്കേതങ്ങളെ പ്രാപ്യമാക്കിയ അവസ്ഥ കേരളത്തിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു. രാമല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് സർക്കാർ നിലപാട്. ഏതു കുടുംബ സാഹചര്യത്തിൽ നിന്ന് വന്നാലും ശാരീരികമോ മാനസികമോ ആയ ഭിന്നശേഷികൾ ഉണ്ടായാലും അവരെയെല്ലാം ഉൾച്ചേർക്കുന്നതും ഉൾക്കൊള്ളുന്നതുമായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ് കേരളം മുന്നോട്ടു വെക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4.25 കോടിരൂപയാണ് രാമല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. മികച്ച ഭൗതിക സൗകര്യങ്ങളോടെ മൂന്ന് നിലകളുള്ള കെട്ടിടമാണ് നിർമ്മിച്ചത്. ചടങ്ങിൽ ടി.പി. രാമകൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# കാരശേരി ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക്







കോഴിക്കോട് ജില്ലയിലെ കാരശേരി ഗ്രാമ പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം ആദ്യ ഘട്ട ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിർവഹിച്ചു. യാത്രക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ പ്രയോജനപ്പെടുന്ന രീതിയിൽ വിഭാവനം ചെയ്ത ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം മാതൃകപരമായി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഒന്നാണ് കാരശേരി ഗ്രാമപഞ്ചായത്ത് എന്നും മികച്ച ശുചിത്വ നിലവാരത്തോടെ നിലനിർത്തണമെന്നും അദ്ദേഹം പറഞ്ഞു. തിരുവമ്പാടി നിയോജക മണ്ഡലം എം.എൽ.എ. ലിന്റോ ജോസഫ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. തിരുവമ്പാടി മണ്ഡലത്തിലെ മൂന്നാമത്തെ ടേക്ക് എ ബ്രേക്ക് ആണിത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പി. സ്മിത പരിപാടിയിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. പരിപാടിയിൽ മെമ്പർമാർ, പഞ്ചായത്ത് ജീവനക്കാർ, ഹരിത കർമസേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, പ്രദേശ വാസികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, തുടങ്ങിയവർ ഉൾപ്പെടെ 200 ഓളം പേർ പങ്കെടുത്തു.




## ലൈഫിൽ ട്രാൻസ്ജൻഡർമാർക്കും വീട്

ലൈഫ് ഭവന പദ്ധതിയിൽ ട്രാൻസ്ജൻഡർ വ്യക്തികൾക്കും വീട് നൽകും. മാനദണ്ഡപ്രകാരം അർഹതയുള്ളവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തും. മന്ത്രി എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ - ഓർഡിനേഷൻ കമ്മിറ്റിയിലാണ് തീരുമാനം.

## ജനപിന്തുണയോടെ പൊതു വിദ്യാലയങ്ങൾ

നവകേരളം കർമപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേന കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യത്തിൽ വളരെ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായതും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക എന്നതും ശാരീരിക മാനസിക ആരോഗ്യവും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തുക എന്നതുമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടുത്തഘട്ടമായ വിദ്യാകിരണം മിഷനിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

വലിയ തോതിലുള്ള ജനകീയ പിന്തുണ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ പൊതുവിദ്യാലയങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്നതിന്റെ പ്രത്യക്ഷ തെളിവാണ് കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ പൊതു വിദ്യാലയങ്ങളിൽ വർദ്ധിച്ചുവന്ന കുട്ടികളുടെ പ്രവേശനം സംബന്ധിച്ച കണക്ക് സൂചിപ്പിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടവർ, തീരദേശങ്ങളിൽ ഉള്ളവർ, അന്യസംസ്ഥാന തൊഴിലാളികൾ, ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ളവർ എന്നിങ്ങനെ വ്യത്യസ്ത മേഖലകൾ തിരിച്ചും പരിശോധിക്കുമ്പോൾ ലഭ്യമാകുന്നതും ഏറെ മെച്ചപ്പെട്ട കണക്കുകളാണ്.

### മാതൃകയായി മറയൂർ ഗവ. എൽ.പി. സ്കൂൾ

ഇടുക്കി ജില്ലയിലെ മറയൂർ ഗവൺമെന്റ് എൽ പി സ്കൂൾ ഈ അധ്യായനവർഷം ഒന്നാം ക്ലാസിൽ 100 കുട്ടികൾക്ക് പ്രവേശനം നൽകി സംസ്ഥാനത്തിനുതന്നെ മാതൃകയായി. ഗോത്ര വിഭാഗത്തിൽനിന്ന് 164 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ട്രൈബൽ സ്കൂളുകളിൽ മാത്രമാണ് ഇതിലും അധികം ഗോത്രവർഗ്ഗ കുട്ടികൾ പഠിക്കാറുള്ളത്. പ്രഥമാധ്യാപിക, മറ്റ് അധ്യാപകർ, പി ടി എ എന്നിവരുടെ നേതൃത്വത്തിൽ വേനലവധിക്കാലത്ത് നടന്ന ചിട്ടയായ പ്രവർത്തനത്താൽ 47 ആൺകുട്ടികളും 53 പെൺകുട്ടികളുമാണ് ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത്. നൂറാമതായി പ്രവേശനം നേടിയത് അതിഥി തൊഴിലാളികളായി പശ്ചിമബംഗാളിൽ നിന്നെത്തിയ ദമ്പതികളുടെ മകനാണ്.

# ഓരോ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റേയും പരിധിയിലുള്ള വാർഡുകൾ സമ്പൂർണ്ണ പകർച്ചവ്യാധി മുക്തമാക്കണം : മന്ത്രി വീണാ ജോർജ്

ഓരോ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റേയും പരിധിയിലുള്ള വാർഡുകൾ സമ്പൂർണ്ണ പകർച്ച വ്യാധിമുക്തമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആശ്വാസത്തിന്റെ കേന്ദ്രങ്ങളാകണം. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകരുമായി സംവദിക്കുകയായിരുന്നു മന്ത്രി. പൊതുജനാരോഗ്യ രംഗത്ത് വർത്തമാനകാലത്തെ ഏറ്റവും വലിയ ഇടപെടലുകളാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ. വെള്ളി, ശനി, ഞായർ ഡ്രൈ ഡേ ആചരിക്കുമ്പോൾ എല്ലാവരും അതിൽ പങ്കാളികളാകണം. ആരോഗ്യ കേന്ദ്രങ്ങളിൽ ശുചീകരണം നടത്തണം. ആരോഗ്യ പ്രവർത്തകർ സ്വയം പ്രതിരോധം ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# കൊടൂരാറിലെ പോളകൾ നീക്കം ചെയ്യുന്നു



മീനച്ചിലാർ മീനന്തറയാർ കൊടുരാർ പുനർ സംയോജന പദ്ധതിയുടെ ഭാഗമായി ജനകീയ കൂട്ടായ്മ കൊടൂരാറ്റിലെ പോളകൾ നീക്കം ചെയ്തു തുടങ്ങി. പോളകൾ കാരണം ഒഴുക്ക് നിലച്ചു കൊടൂരാറ്റിലെ ജലം മലിനമാകുന്ന സാഹചര്യത്തിൽ ആണ് ജനകീയ കൂട്ടായ്മ കൊടൂരാറ്റിലെ പോളകൾ നീക്കം ചെയ്യുവാൻ മുന്നിട്ടിറങ്ങിയത്.

ചലനമറ്റുകിടക്കുന്ന പോളകളെ മുറിച്ചു ഒഴുക്കി വിടുകയാണ് ആദ്യഘട്ടത്തിൽ ചെയ്യുന്നത്. ഓരോ ദിവസവും പോളകൾ വാരുന്നതിനായി യന്ത്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുക ആ പ്രദേശത്തെ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ചാണ് ജനകീയ കൂട്ടായ്മ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. പോളകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നാട്ടകത്തെ കോട്ടയം പോർട്ടിന് സമീപത്തെ കടവിൽ നിന്നും ആരംഭിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. പദ്ധതി കോർഡിനേറ്റർ അഡ്വ. കെ. അനിൽകുമാർ പദ്ധതി വിശദീകരിച്ചു. നഗരസഭാ പ്രതിപക്ഷ നേതാവ് അഡ്വ. ഷീജ അനിൽ, തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജയൻ കെ. മേനോൻ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

# പൊന്നാനി എം.ഇ.എസ്. കോളേജിൽ നവകേരളത്തിനായി കാമ്പസുകൾ പദ്ധതി തുടക്കം കുറിച്ചു

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമപദ്ധതി രണ്ടാം ഘട്ടത്തിൽ മലപ്പുറം ജില്ലാ മിഷൻ ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സംയോജിച്ച് രൂപം നൽകിയ നവകേരളത്തിനായി ക്യാമ്പസുകൾ പദ്ധതി പൊന്നാനി എം.ഇ.എസ്. കോളേജിൽ ഉദ്ഘാടനം ചെയ്തു. കോളേജിലെ സന്നദ്ധ കൂട്ടായ്മകളായ നാഷണൽ സർവീസ് സ്കീം, ഫ്ളെമിംഗോ നേച്ചർ ക്ലബ്ബ്, ഭൂമിത്രസേന, ജൈവ വൈവിധ്യ ക്ലബ്ബ്, ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് ക്ലബ്ബ് എന്നിവയുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പാൾ ഡോ. അമീറ വി.യു. പദ്ധതി ഉദ്ഘാടനം ചെയ്തു. പൊതുപദ്ധതികൾ അക്കാദമിക സമൂഹവുമായി പങ്കുവെക്കുന്നതും പരസ്പര പിന്തുണയും ആശയവിനിമയവും നാടിന്റെ പുരോഗതിക്ക് ഊർജ്ജദായകമാണെന്നും അത്തരത്തിൽ



നവകേരളത്തിനായി ക്യാമ്പസുകൾ എന്ന ഈ പദ്ധതി ഏറെ പ്രസക്തിയുള്ളതാണെന്നും അവർ അഭിപ്രായപ്പെട്ടു. നവകേരളം കർമപദ്ധതി മലപ്പുറം ജില്ലാ കോർഡിനേറ്റർ ജിതിൻ ടി.വി.എസ്. അധ്യക്ഷത വഹിച്ചു.



ആലപ്പുഴ ജില്ലയിലെ ചെന്നിത്തല ഗ്രാമപഞ്ചായത്ത് ജവഹർ നവോദയ സ്കൂളിൽ 10 സെന്റ് സ്ഥലത്ത് ആരംഭിച്ച പച്ചത്തുരുത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ഫിലേന്ദ്രൻ നിർവഹിച്ചു.

# ഉദയഗിരിയിൽ യൂസർഫീയും അജൈവ മാലിന്യ ശേഖരണവും നൂറുശതമാനം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും 100% നേട്ടം കൈവരിച്ചതിന്റെ പ്രഖ്യാപനം ജില്ല കലക്ടർ എസ് ചന്ദ്രശേഖർ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയത്തിൽ ചേർന്ന സദസ്സിലാണ് പ്രഖ്യാപനം നടത്തിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.എസ്. ചന്ദ്രശേഖർ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ ഹരിത കർമസേനയ്ക്കുള്ള യൂണിഫോം വിതരണം ചെയ്തു. ജില്ല പഞ്ചായത്ത് മെമ്പർ ടി.സി. പ്രിയ ആശംസ നേർന്നു സംസാരിച്ചു. ഭരണസമിതി അംഗങ്ങളും വിവിധ രാഷ്ട്രീയ സംഘടന നേതാക്കളും നിർവഹണ ഉദ്യോഗസ്ഥരും ഉൾപ്പെടെ 250ഓളം ആളുകൾ യോഗത്തിൽ പങ്കെടുത്തു.



# ജൈവ വൈവിധ്യ പദ്ധതികളുമായി വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്

കേരള വനം വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, നവകേരളം കർമപദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിൽ ചീപ്പം ചിറയിൽ കനോലി കനാലിന്റെ തീരങ്ങളിൽ 5000 കണ്ടൽ തൈകൾ തൊഴിലുറപ്പ് പദ്ധതി മുഖേന നടുന്നതിന്റെ ഉദ്ഘാടനം വി.ആർ.സുനിൽകുമാർ എം.എൽ.എ. 2023 ജൂൺ 5 ന് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ദിദിക സി., ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എം. മുകേഷ്, ജനപ്രതിനിധികൾ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, തദ്ദേശ ഭരണ വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.



# ടൈറ്റാനിയത്തിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് കമ്പനി വളപ്പിൽ 5 ഏക്കറോളം സ്ഥലത്ത് 1500 ഫലവൃക്ഷതൈകൾ നട്ടു. ഇതിന്റെ ഉദ്ഘാടനം പരിസ്ഥിതിദിനമായ ജൂൺ 5 ന് വൈകുന്നേരം 4 മണിക്ക് കമ്പനി പരിസരത്തുകൂടിയ യോഗത്തിൽ നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ നിർവഹിച്ചു. ടൈറ്റാനിയം ജനറൽ മാനേജർ, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കമ്പനി പരിസരത്ത് ഒരു ഗ്രീൻബെൽറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2000 മുളതൈകൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും 50 സെന്റ് സ്ഥലത്ത് ഒരു ഔഷധസസ്യ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.






പാലക്കാട് കുഴൽമന്ദം ബ്ലോക്കിൽ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി 36 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു

## വടകര എസ് പി എച്ച് വിലാസം ജെ ബി സ്കൂളിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിലെ എസ്.പി.എച്ച്. വിലാസം ജെ ബി സ്കൂളിലെ പച്ചത്തുരുത്ത് ഉദ്ഘാടനം ജൂൺ 22 ന് വടകര മുൻസിപ്പാലിറ്റി ചെയർപേഴ്സൺ കെ.പി. ബിന്ദു ചാമ്പ തൈ നട്ടുകൊണ്ട് നിർവഹിച്ചു.

സ്കൂളിലെ ഒന്നര സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ഒരുങ്ങുന്നത്. ഒഞ്ചിയം ഗ്രാമപഞ്ചായത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരുക്കിയ നഴ്സറിയിൽ നിന്നാണ് പച്ചത്തുരുത്തിനാവശ്യമായ പേര, ചാമ്പ, മുരിങ്ങ, വേപ്പ്, പാഷൻ ഫ്രൂട്ട്, സീതപ്പഴം, കോവൽ, ശംഖുപുഷ്പം എന്നിവയുടെ തൈകൾ ലഭ്യമാക്കിയത്. വടകര നഗരസഭയിൽ നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ എമിഷൻ കേരളം പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ മുഴുവൻ



സ്കൂളുകളിലും പച്ചത്തുരുത്ത് നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യഘട്ട പ്രവർത്തനമാണ് പച്ചത്തുരുത്ത് നിർമ്മാണത്തോടെ ആരംഭിക്കുന്നത്. പച്ചതുരുത്ത് ഉദ്ഘാടനത്തിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## നെല്ലിയാടിപുഴ ശുചീകരിച്ചു



മാലിന്യമുക്തം നവകേരളം കാമ്പയിൻ ഭാഗമായി കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ നെല്ലിയാടിപ്പുഴ ശുചീകരിച്ചു. നഗരസഭ ചെയർപേഴ്സൺ സുധാ കിഴക്കേപാട്ട് ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ അഡ്വ. കെ. സത്യൻ അധ്യക്ഷത വഹിച്ചു. നെല്ലിയാടി പുഴയിലെ കൊടക്കാട്ട് മുറി മുതൽ കളത്തും കടവ് വരെയുള്ള ഒരു കിലോമീറ്റർ ദൂരത്തിലാണ് ശുചീകരണം നടത്തിയത്. ശുചീകരിച്ചതിലൂടെ ശേഖരിച്ച പ്ലാസ്റ്റിക് ബോട്ടിലുകൾ, പ്ലാസ്റ്റിക് കവറുകൾ, മറ്റ് അജൈവ പാഴ്വസ്തുക്കൾ തുടങ്ങിയവ വേർതിരിച്ച് നഗരസഭ എം.സി.എഫിലേക്ക് മാറ്റി. ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡിലെ ഹരിത കർമസേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, രാഷ്ട്രീയ യുവജന സംഘടനകൾ, തുടങ്ങി 110 പേർ പങ്കെടുത്തു.

## ശുചിത്വത്തിനായ് മുഴക്കുന്നിന്റെ പെൺപട 30 ടൺ പാഴ്വസ്തുക്കൾ കൈമാറി

അഞ്ച് മാസം കൊണ്ട് വിവിധ തരത്തിലുള്ള 30815 കിലോ പാഴ് വസ്തുക്കൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി മുഴക്കുന്നിനെ സമ്പൂർണ്ണ ശുചിത്വത്തിലേക്ക് എത്തിക്കുകയാണ് കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് പഞ്ചായത്ത് ഹരിത കർമ്മസേന. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഓരോ മാസത്തിലും തരംതിരിച്ചു ശേഖരിച്ച 6115 കിലോ പുനരുപയോഗ പ്ലാസ്റ്റിക്കും, 6510 കിലോ കുപ്പിച്ചില്ലും, വാതിൽപടി ശേഖരണത്തിൽ നിന്നും ലഭിച്ചതിന് പുറമെ പഞ്ചായത്തിലെ തോടുകളും പാതയോരങ്ങളും ശുചീകരിച്ചതിൽ ലഭിച്ചതുമായ പുനരുപയോഗ സാധ്യതയില്ലാത്ത ചെരുപ്പ്, ബാഗ്, തുണി, തെർമോകോൾ, സിമന്റ് ചാക്കുകൾ ഉൾപ്പെടെ 18190 കിലോ മാലിന്യം കൂടി അഞ്ച് മാസം കൊണ്ട് ക്ലീൻ കേരള കമ്പനിക്ക് കൈമാറി.

ഫെബ്രുവരി മാസത്തിൽ സൗജന്യമായി ജോലി ചെയ്താണ് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സൂക്ഷിച്ച പാഴ്വസ്തുക്കൾ ചാക്കിൽ കെട്ടി ഒരിടത്ത് എത്തിച്ച് ക്ലീൻ കേരളയുടെ ലോറിയിൽ കയറ്റിയയച്ചത്.




കേരള സർക്കാർ നിശ്ചയിച്ച രീതിയിൽ വാഹനം, ഓഫീസ്, പാഴ്വസ്തു സൂക്ഷിക്കാൻ വാർഡുകളിൽ മിനി എം.സി. എഫ്., പഞ്ചായത്ത് കേന്ദ്രീകരിച്ച് എം.സി.എഫ്.(സംഭരണ കേന്ദ്രം)തുടങ്ങിയ സൗകര്യങ്ങളെല്ലാം പഞ്ചായത്ത് ഒരുക്കി നൽകിയിട്ടുണ്ട്.

# പോള നിർമ്മാർജ്ജന പദ്ധതി - നീലംപേരൂർ - വിലയിരുത്തൽ യോഗം

ശുചീകരണ പ്രവർത്തനത്തെ വരുമാനമാർഗ്ഗമാക്കി, ജലാശയശുചീകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ പരീക്ഷണാടിസ്ഥാനത്തിൽ, കേരളത്തിലാദ്യമായി കുട്ടനാട്ടിൽ നടപ്പിലാക്കുന്ന പോള നിർമ്മാർജ്ജന പദ്ധതി വിലയിരുത്തൽ യോഗം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമയുടെ അധ്യക്ഷതയിൽ നടന്നു. പദ്ധതിയുടെ വിശദാംശങ്ങൾ നടത്തിപ്പ് സംരംഭകരായ മധുര ROPE എം.ഡി. ശ്രീജിത്ത് വിശദീകരിച്ചു. ഇതുവരെ 108,000 കിലോഗ്രാം പോള കമ്പനിയിലേക്ക് കയറ്റിയയച്ചു. ഇതിലൂടെ 10,800,00 രൂപയാണ് തൊഴിലാളികൾക്ക് ലഭിയ്ക്കുക. എട്ട് ലക്ഷത്തിലധികം രൂപ തൊഴിലാളി ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കഴിഞ്ഞു. ഇവിടെ നടപ്പിലാക്കുന്ന പദ്ധതിയുടെ വിജയസാദ്ധ്യതകൾ വിലയിരുത്തി കേരളമാകെ വ്യാപിപ്പിയ്ക്കുക എന്നതാണ് ലക്ഷ്യം. പഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചൻ, ജനപ്രതിനിധികൾ, നവകേരളം കർമപദ്ധതിയുടെ സംസ്ഥാന ടീം അംഗങ്ങൾ, ആർ.പി.മാർ, തൊഴിലാളി പ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

# കുന്നമംഗലം ബ്ലോക്ക്- ഹരിത കർമസേന വിൽപ്പന നടത്തിയത് 100 ടൺ പ്ലാസ്റ്റിക്

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിലെ 8 പഞ്ചായത്തുകളിൽ നിന്നായി 2023 ജനുവരി മുതൽ ജൂൺ 12 വരെയുള്ള കാലങ്ങളിൽ ആയി തരം തിരിച്ചു വിൽപ്പന നടത്തിയത് 100 ടൺ പ്ലാസ്റ്റിക്. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ 2021 ജനുവരിയിൽ ആരംഭിച്ച തരം തിരിച്ചു വിൽപ്പന നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്കിലെ 8 പഞ്ചായത്തുകളിലും മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2021 വർഷത്തിൽ 49435 കിലോയും 2022 വർഷത്തിൽ 109535 കിലോയും 2023 ജനുവരി മുതൽ ജൂൺ 12 വരെ 100752.195 കിലോയുമാണ് സംസ്കരണത്തിനായി കൈമാറിയത്.

പ്ലാസ്റ്റിക്കിന് പുറമേ ഈ വർഷം 5 പഞ്ചായത്തുകളിൽ നിന്നും 62.77 ടൺ തുണി മാലിന്യവും, ഈ വർഷം ഇതുവരെ 2 പഞ്ചായത്തുകളിൽ നിന്നായി 54.1 ടൺ കുപ്പി ചില്ല് മാലിന്യവും കൈമാറി. ഇവക്ക് പുറമെ



പെരുമണ്ണ പഞ്ചായത്തിൽ നിന്നും 2210 കിലോ മൾട്ടി ലെയർ പ്ലാസ്റ്റിക് വില്പന നടത്തി.

# മഴ നടത്തവും ഫോറസ്റ്റ് ക്ലീൻ ഡ്രൈവും- സീതത്തോട് ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിൽ ജൂൺ 19 ന് ആങ്ങമൂഴി ഗ്രൂഡിക്കൽ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് മുതൽ നിലയ്ക്കൽ പള്ളി വരെ മഴ നടത്തവും, ഫോറസ്റ്റ് ക്ലീൻ ഡ്രൈവും നടത്തി. കെ.യു. ജനീഷ്കുമാർ എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ്, രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ,



ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നീ വകുപ്പുകൾ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് മാലിന്യ മുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി പരിപാടി സംഘടിപ്പിച്ചത്.

ഗ്രൂഡിക്കൽ ഫോറസ്റ്റ് ചെക്ക്പോസ്റ്റ് മുതൽ നിലയ്ക്കൽ പള്ളി വരെ 20 കിലോമീറ്റർ പാതയോരങ്ങൾ ശുചീകരണം നടത്തി. പത്തനംതിട്ട ജില്ലയിലെ പ്രധാന വിനോദസഞ്ചാര മേഖലയായ ഗവിയിലേക്ക് എത്തുന്നവരുടെ ഇടം കൂടി ആയതിനാൽ ഈ മേഖലയിൽ ശുചീകരണം നടത്താൻ തീരുമാനിച്ചത്. പരിപാടിയുടെ സമാപന സമ്മേളനം ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ നിർവഹിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ പങ്കാളികളായ വിവിധ കോളജുകളിലെ വിദ്യാർത്ഥികൾക്ക് കളക്ടർ സർട്ടിഫിക്കറ്റ് വിതരണം നടത്തി. സീതത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ആർ. പ്രമോദ് അധ്യക്ഷത വഹിച്ചു.

# കൊച്ചുകാമാക്ഷി തോടിന് പുനർജന്മം

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീരുറവ് പദ്ധതിയുടെ ഭാഗമായി കാടുകയറി മറഞ്ഞുപോയ കൊച്ചുകാമാക്ഷി തോട് വീണ്ടെടുത്തു. നീരോഴുക്ക് തടസപ്പെടാതിരിക്കാൻ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷണം ഒരുക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി, ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള



കൊച്ചുകമാക്ഷി തോട് മുൻകാലങ്ങളിൽ കാടും മാലിന്യങ്ങളും നിറഞ്ഞ നിലയിലായിരുന്നു, നീരൊഴുക്ക് തടസപ്പെട്ടതോട് കൂടി മഴക്കാലത്ത് തോടിന്റെ ഇരുവശങ്ങളിലുമുള്ള കൃഷിയിടങ്ങളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായി, ഇതോടുകൂടിയാണ് നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ തന്നെ നിർച്ചാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്, രണ്ടര കിലോമീറ്റർ നീളമുള്ള നീർച്ചാലിന്റെ 700 മീറ്റർ ദൂരത്തിലാണ് കയർ ഭൂവസ്ത്രം വിരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയത്.

കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഐടി മിഷന്റെ സഹായത്തോടുകൂടി നവകേരളം ഇടുക്കി ജില്ലാ ടീം അംഗങ്ങൾ മാപത്തോൺ പ്രവർത്തനങ്ങളിലൂടെ ഡിജിറ്റലൈസ് ചെയ്ത നീർച്ചാൽ കൂടിയാണ് കൊച്ചുകാമഷി തോട്.

# ഹരിതകേരളം മിഷൻ മാപത്തോണിന് ദേശീയ അംഗീകാരം



IIT ബോംബെയും FOSSEE യും സംയുക്തമായി സംഘടിപ്പിച്ച ഇന്ത്യൻ ജിയോ സോഷ്യൽ മാപിംഗ് ദേശീയതല സംഗമത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. ഇനി ഞാൻ ഒഴുകട്ടെ നീർച്ചാൽ വീണ്ടെടുപ്പ് പദ്ധതിയോടനുബന്ധിച്ചുള്ള മാപത്തോണിന്റെ അംഗീകാരം. 1750 ടീമുകൾ പങ്കെടുത്ത അവതരണത്തിലെ മൂന്ന് വിഭാഗങ്ങളിലെ വിന്നേഴ്സ് വിഭാഗത്തിലാണ് ഹരിതകേരളം മിഷൻ അംഗീകാരം ലഭിച്ചത്. ICFOSS ൽ നിന്നും മെൻറർ ആയി അരുൺ എം.ന്റെ നേതൃത്വത്തിൽ അപർണ എ.എൽ., ബിനോയ് സി., ശ്രീലക്ഷ്മി, ഹരിതകേരളം മിഷനിൽ നിന്നും യംഗ് പ്രൊഫഷണൽ അശ്വതി ആൻറണി എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# മാണിക്കൽ ഗ്രാമപഞ്ചായത്തിന് ജലശക്തി പുരസ്കാരം

കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ ദേശീയ ജലശക്തി പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത് അധികൃതർ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഏറ്റുവാങ്ങി. വില്ലേജ് പഞ്ചായത്ത് വിഭാഗത്തിലാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനം നേടിയത്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിൽ നിന്ന് പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ പുരസ്കാരം ഏറ്റുവാങ്ങി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള 'പുഴയൊഴുകും മാണിക്കൽ' പദ്ധതിയുടെ ഭാഗമായി നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങളാണ് മാണിക്കലിനെ പുരസ്കാരത്തിളക്കത്തിലെത്തിച്ചത്. ജലസംഭരണി നിർമാണം, മത്സ്യക്കൃഷി, താമരക്കൃഷി, നെൽക്കൃഷി തുടങ്ങി ജലസംരക്ഷണത്തിനായി ഒട്ടേറെ മാതൃകകളാണ് പഞ്ചായത്ത് മുന്നോട്ടുവെക്കുന്നത്.



മികച്ച ജലപരിപോഷണ പരിപാടികൾ സംഘടിപ്പിക്കുന്ന പഞ്ചായത്തുകളെയാണ് ജലശക്തി പുരസ്കാരത്തിനു പരിഗണിക്കുന്നത്. 2022-ലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer;  Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by  Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in